# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 4063

27/06/2012 - ൽ മറുപടിക്ക്.

## എറണാകുളത്തെ സീപോർട്ട് - എയർപോർട്ട് അതിവേഗ ജലപാത

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സാജുപോൾ | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) എറണാകുളം ജില്ലയിലെ സീപോർട്ട് - എയർപോർട്ട് അതിവേഗ ജലപാത ആരംഭിക്കാൻ സ്വീകരിച്ച നടപടി വിശദീകരിക്കാമോ ; | : | (എ) എറണാകുളം ജില്ലയിൽ സീപോർട്ട് മുതൽ പാതാളം വരെയുള്ള ഭാഗം ഡ്രഡ്ജ് ചെയ്ത് ആഴം കൂട്ടുന്നതിനും അനുബന്ധ പണികൾ ഉൾപ്പെടെയുള്ള ജോലികൾക്കുമായി 5 കോടി രൂപ അടങ്കൽ തുക വരുന്ന എസ്റ്റിമേറ്റ് ടെണ്ടർ ചെയ്യുകയും ആയത് പൊതുമേഖലാ സ്ഥാപനമായ കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്, കൊച്ചി, എസ്റ്റിമേറ്റ് നിരക്കിൽ കരാറിൽ എടുത്തിട്ടുള്ളതാണ്. എന്നാൽ ഈ ജലപാതയിലൂടെ യന്ത്രവൽകൃത ബോട്ടുകൾ കടന്നു പോകുമ്പോൾ ഉണ്ടാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് ആശങ്കകൾ ഉയർന്നതിനാൽ ആയതു പഠിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് (CWRDM) - നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി ഏതൊക്കെ പ്രദേശങ്ങളിലൂടെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ; | : | (ബി) പ്രസ്തുത പദ്ധതി നെടുമ്പാശ്ശേരി എയർപോർട്ടിൽ നിന്നും തുടങ്ങി ചെങ്ങൽ തോടുവഴി കാഞ്ഞൂർ ഭാഗത്തെത്തി പെരിയാറിലൂടെ പാതാളം, ഏലൂർ, വരാപ്പുഴ വഴി കൊച്ചി തുറമുഖത്ത് എത്തുന്ന രീതിയിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) പ്രസ്തുത പദ്ധതി പാതാളം ബണ്ടുവഴി നടപ്പാക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ? | : | (സി) ഉണ്ട്. ഈ ജലപാത പാതാളം ബണ്ട് വഴി തന്നെയാണ് നടപ്പാക്കാൻ നിലവിൽ ഉദ്ദേശിക്കുന്നത്. ആയതിനാൽ നിവേദനത്തിൻ മേൽ പ്രത്യേക നടപടികൾ ഒന്നും സ്വീകരിക്കേണ്ട ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ